

വിനോദ് മങ്കര

vinodmankara@yahoo.co.in

സമുദ്രനിരപ്പിൽനിന്ന് 3500 മീറ്ററിലധികം ഉയരത്തിലുണ്ടൊരു പശ്ചിമഹിമാലയൻ ദ്യുതി! ആ നെറുകകൾക്ക് താഴെ സമൃദ്ധമായി മഴപെയ്യുകയും മുകളിൽ കോടമഞ്ഞ് മതിവരാതെ വീണ്ടും വീണ്ടും ചുംബിക്കുകയും ചെയ്യും. മഞ്ഞുപാളികൾ കസവുതുന്നിയ ആയിടത്താണ് വസന്തത്തിൻെറ വീട്. ചിറകിൽ പുരണ്ട പരാഗരേണുക്കളുമായി പൂമ്പാറ്റകൾക്കും തുമ്പികൾക്കുമൊപ്പം കാറ്റും വെളിച്ചവും ഇടയ്ക്കിടക്ക് ആ വീട്ടിലേക്ക് വിരുന്നുവന്നു. വർഷങ്ങൾക്കുമുമ്പ് വെയിൽ മൂക്കുന്നതിന് മുമ്പുള്ള പ്രഭാതത്തിൽ ആറുപേർ ചാറ്റൽമഴയോടൊപ്പം ആ താഴ്‌വരയിലെത്തി. മഞ്ഞിൻെറ പുകയും ശൈത്യവും മെല്ലെമെല്ലെ മാഞ്ഞുതുടങ്ങിയപ്പോൾ അവർ കണ്ടു, ദൂരെ ഒരു നീലവെളിച്ചം. ആകാശത്തിൻെറ കീറായിരിക്കുമെന്നവർ തെറ്റിദ്ധരിച്ചത് പുഷ്പവതി തീരത്തെ സൗഗന്ധികപ്പൊയ്കയായിരുന്നു. കാറ്റിലൂയലാടുന്ന പരശ്ശതം കുസുമങ്ങളെ തെറ്റിദ്ധരിച്ചതിൽ അവർക്ക് ഖേദം തോന്നി. മുന്നോട്ട് നടക്കാനാവാത്തവിധം അവരുടെ കാലടികളെ എന്തോ തടഞ്ഞുനിർത്തി. ഉറക്കെത്തുടിച്ച ഹൃദയത്തിൻെറ ഭാഷ മൊഴിമാറ്റാൻ ആറുപേരും കുതൂഹലരായി. ഹൃദയം പറഞ്ഞു: 'എനിക്കീ സൗന്ദര്യം താങ്ങാവുന്നതല്ല.' സൂക്ഷിച്ചുനോക്കിയാൽ മനസ്സിലാവുന്ന അനന്തതയിലേക്ക് ഒഴുകിപ്പറക്കുന്ന നിറങ്ങൾ. നിറങ്ങൾകൊണ്ട് കണ്ണെഴുതിയ ദളങ്ങൾ! കണ്ണുകളിൽ അലസഗമനം നടത്തുന്ന ശലഭങ്ങൾ! യാത്രികർക്ക് നടക്കാനായില്ല. അവിശ്വസനീയത തുളുമ്പിനിന്ന ആ പന്ത്രണ്ട് കണ്ണുകൾക്ക് ചിമ്മിത്തുറക്കണമെന്നുണ്ടായിരുന്നെങ്കിലും അതിനായില്ല. ആറുപേരുടെയും ചുണ്ടുകൾ ഒരുമിച്ച് മന്ത്രിച്ചു: 'പൂക്കളുടെ താഴ്‌വര!'

1931-ലെ മഴക്കാലത്ത് ആ താഴ്‌വരയിലേക്ക് ഇറങ്ങിവന്നത് മരിക്കുന്നതുവരെ മറക്കാനായില്ല ഫ്രാങ്ക് എസ്. സ്മിത്തിന്. പൂക്കളുടെ താഴ്‌വരയിലേക്ക് വഴിതെറ്റിവന്ന ആറ് പർവതാരോഹകരിൽ ഫ്രാങ്കുമുണ്ടായിരുന്നു. സ്മിത്തിൻെറ സസ്യശാസ്ത്രചങ്ങാതി ആർ.എൽ. ഹോൾഡ്സ്‌വർത്താണ് പൂക്കളുടെ ആ പാരാവാരം ആദ്യം കണ്ടത്. അയാൾ ചൂണ്ടിയ വിരലിൻെറ അറ്റം വഴി മറ്റുള്ളവരുടെ കണ്ണുകളും ശരംപോലെ അങ്ങോട്ട് പായുകയായിരുന്നു. ആ ചൂണ്ടുവിരലിൻെറ ദിശനോക്കി ആ വർണരാജികളിലേക്ക് നടന്നതിനെക്കുറിച്ച് എത്രയോ തവണ ഫ്രാങ്ക് പറഞ്ഞിട്ടുണ്ട്! മതിവരാതെ പുസ്തകമെഴുതിയിട്ടുണ്ട്! 'ഒരായിരം ഇതളുകൾ ഞെരിച്ചമർത്തിയാണ് ഞങ്ങളാ താഴ്‌വരയിലേക്ക് നടന്നത്. അങ്ങനെയല്ലാതെ നടക്കാനാവില്ലായിരുന്നു. കാരണം, ഓരോ കാലടിക്കുതാഴെയും പേരറിയാത്ത എത്രയോ ജാതി സുമജാലങ്ങൾ' എന്ന് ഫ്രാങ്ക് എഴുതിയത് അതിശയോക്തിയല്ലെന്ന് നമുക്കും മനസ്സിലാവും.


ഇംഗ്ലണ്ടിലേക്ക് തിരിച്ചുപോയി ഫ്രാങ്ക് ആറുവർഷത്തിനുശേഷം വീണ്ടും ഈ താഴ്‌വരതേടി വന്നു. എത്രയോ രാവും പകലും ഇവിടെ താമസിച്ചു. ഇത്തവണ തനിച്ച്! കാരണം, വിശ്രാന്തിയുടെ ആവേഗങ്ങളിൽ സ്നാനപ്പെടാൻ അയാൾക്ക് ഒറ്റപ്പെടണമായിരുന്നു. ഒറ്റയ്ക്കയാൾ വസന്തത്തിൻെറ വീട്ടുകോലായിലിരുന്ന് ദൈവത്തോട് സംസാരിച്ചു. ഇതളാട്ടി ചിരിക്കുന്ന അനേക സൂനങ്ങളിലൂടെ ദൈവം അയാളോട് പ്രതിവചിച്ചു.

അതെ, വഴിതെറ്റിവന്നവരാണ് പൂക്കളുടെ താഴ്‌വര കണ്ടെത്തിയത്. കാമത്ത് പർവതം കീഴടക്കി തിരിച്ചിറങ്ങുമ്പോഴാണ് ആറംഗസംഘത്തിന് വഴിതെറ്റിയത്. അതൊരു നിമിത്തമായി. പൂക്കളുടെ താഴ്‌വര അവരെ കാത്തുകിടക്കുകയായിരുന്നു. പൂക്കളുടെ താഴ്‌വരയ്ക്ക് എൺപത്തിയേഴര സ്ക്വയർ കിലോമീറ്ററാണ് വിസ്തൃതി. എട്ടുകിലോമീറ്റർ നീളവും രണ്ടുകിലോമീറ്റർ വീതിയും അതിൻെറ പുഷ്പവിതാനങ്ങളാണ്. അതിനിടയിലൂടെ പുഷ്പവാഹിനിയായി ഒഴുകുന്ന പുഷ്പവതി നദി. അങ്ങുകിഴക്ക് ഗൗരിപർവതത്തിൽനിന്ന് ഇറ്റിവീണാണ് പുഷ്പവതി സുമുഖിയായത്. ജോഷിമഠിൽനിന്ന് അളകനന്ദയുടെ കരയിലൂടെ യാത്രചെയ്യുമ്പോഴാണ് ഗോവിന്ദ്ഘാട്ടിലെത്തുക. അവിടെനിന്ന് തുടങ്ങുന്നു സ്വപ്നാഭമായ താഴ്‌വരത്തിളക്കം. അപ്പോൾ കാണാം, വെളുത്ത ഉരുളൻകല്ലുകളിൽ താളമിടുന്ന അളകനന്ദയെ. കുത്തനെയുള്ള കയറ്റങ്ങൾ കയറ്റത്താണ് ഗാംഗരിയ എന്ന അവസാനഗ്രാമം. ഇവിടെ ശൈത്യത്തിന് പ്രത്യേക സംവരണമുണ്ട്. അവൾക്ക് ഏതുവിധേനയും യാത്രികനെ പരീക്ഷിക്കാം. ഗാംഗരിയയിലെ രാത്രി താണ്ടിയാൽ അതിപ്രഭാതത്തിൽ ഹിമനെറുകകൾ ജ്വലിക്കുന്നത് കാണാം. തീപിടിച്ച മകുടത്തിനപ്പുറം ചൈനയും ടിബറ്റുമാണ്.

കാത്തിരുന്നാൽ മുകളിലേക്ക് വളരുന്ന കാൽപ്പാതകൾ കാണാം. ആ പാതകൾ ഞെരുങ്ങി ഞെരുങ്ങി ഒറ്റയടിപ്പാതയായി മാറുമ്പോൾ അതുവരെ രസനയെ തൊടാത്തൊരു ഗന്ധം അനുഭവവേദ്യമാകും. ആ വഴിത്താരയിലെന്തും അനാഘ്രാതമാണ്.

ആ വഴിത്താരയിലൂടെയാണ് റോയൽ ബൊട്ടാണിക് ഗാർഡൻെറ മുദ്രയുള്ള തൊപ്പിയുമായി 54 വയസ്സുള്ള ഒരു സുന്ദരി സ്വപ്നംവറ്റാത്ത കണ്ണുകളുമായി നടന്നുകയറിയത്. അവളുടെ പേര് ജോൺ മാർഗരറ്റ് ലെഗ്ഗി. അന്ന് 1939-ലെ ജൂലായ് പ്രഭാതമായിരുന്നു. പുഷ്പവതിനദികടന്ന് ഇരുണ്ട പാറക്കെട്ടിനടുത്തെത്തിയപ്പോൾ അവളത് കണ്ടു; ബ്ലൂപോപ്പികളുടെ രഹസ്യ ഉദ്യാനം!

മുകളിലേക്കുള്ള വഴിയിൽ നിറയെ ഭോജപത്ര വൃക്ഷങ്ങളാണ്. ഇതിൽനിന്ന് ചീന്തിയെടുത്ത തൊലിയിലെഴുതിയ മഹാകാവ്യങ്ങൾക്ക് കണക്കില്ല. അങ്ങനെയൊരിക്കൽ ഒരു സന്ന്യാസി രാമചരിതമെഴുതിയപ്പോൾ പൂക്കളുടെ താഴ്‌വരയും അതിലേക്ക് ഒഴുകിയെത്തി. രാമ-രാവണ യുദ്ധകാലത്ത് മോഹാലസ്യപ്പെട്ടുവീണ ലക്ഷ്മണനുവേണ്ടി ഹനുമാൻ മൃതസഞ്ജീവനി തിരഞ്ഞത് ഇവിടെയാണത്രേ. ഈ കഥയൊന്നുമറിയാതെയാണ് സസ്യശാസ്ത്രഗവേഷകയായ മാർഗരറ്റ് ലഗ്ഗി ബ്രഹ്മകമലം തിരഞ്ഞ് പൂക്കളുടെ താഴ്‌വരയിലെത്തുന്നത്. ചുറ്റും ഉയർന്നുനിന്ന പർവതമുടിയിലേക്ക് അവൾ ഓടിക്കയറിയത് ഒരു പതിനേഴുകാരിയായാണ്. **പൂനുള്ളി പൂനുള്ളി കൈവിരൽ കുഴഞ്ഞ ലഗ്ഗി ആ ഉയരത്തിൽനിന്ന് താഴേക്കൊന്ന് നോക്കിയപ്പോൾ ആ ഗന്ധർവലോകം അവളെ വല്ലാതെ ഭ്രമിപ്പിച്ചു. അത് കൈമാടി വിളിക്കുന്നതുപോലെ ലഗ്ഗിക്കുതോന്നി. താഴ്‌വരയിൽ ആദ്യമെത്തിയ യാത്രികരുടെ ഹൃദയം മിടിച്ചതുപോലെ ലഗ്ഗിയുടേതും അതേ സ്വനം പുറപ്പെടുവിച്ചു. 'വയ്യ, എനിക്കീ സൗന്ദര്യം താങ്ങാനാവുന്നില്ലല്ലോ...' തൻെറ ഹൃദയത്തിൽ നിഴലുകളാഴ്ത്തിയ ആ മായികതയുടെ മാറിലേക്ക് കൂപ്പുകുത്താൻ ഒരു അദൃശ്യ സാന്നിധ്യം അവളെ ക്ഷണിക്കുന്നതായി അവൾക്കുതോന്നി. ഒരു നിമിഷം ലഗ്ഗിയുടെ കാലടികളിലെ ഹിമകണമൊന്ന് തെന്നിമാറി. തെന്നുന്നതിനിടയിൽ അള്ളിപ്പിടിക്കാനാവാത്ത കൈവിരലുകളിൽ അദ്രിശൃംഗങ്ങളിലെ കാറ്റിൻെറ മർദം അന്ത്യചുംബനം നൽകി.**



പൂക്കളുടെ താഴ്‌വര

കാടിൻെറയും മലയുടെയും എല്ലാ ബാന്ധവങ്ങളുമൊഴിഞ്ഞ് മാർഗരറ്റ് ലഗ്ഗി ഹിമമുടിയിൽനിന്ന് താഴ്‌വരയിലേക്ക് യാത്രചെയ്തു. ഒന്ന് പിടയാൻപോലും മറന്ന് സസ്യജാലങ്ങളുടെ ആ കൂട്ടുകാരി താഴ്‌വരയിൽ സ്വസ്ഥയായി. 1939 ജൂലായ് നാലിനായിരുന്നു അവൾ പൂക്കൾക്ക് അവസാന ഉമ്മ കൊടുത്തത്.

പിന്നീട് നാലുവർഷത്തിനുശേഷം ചേച്ചിയെ തിരഞ്ഞ് ലഗ്ഗിയുടെ അനിയത്തി ആ താഴ്‌വരയിലെത്തി. അന്ന് അനിയത്തി കരഞ്ഞത് ചേച്ചിയുടെ അകാലവിയോഗമോർത്തല്ല. മറിച്ച്, നിരന്തര പുഷ്പവൃഷ്ടിയിൽ ശയിക്കുന്ന ചേച്ചിയുടെ നിത്യതയിൽ സന്തോഷിച്ചാണ്. കർമപരമ്പരകളുടെ ഏത് വിനാഴികയിലാണ് ചേച്ചി തന്നെയും കൂടെക്കൂട്ടാൻ മറന്നതെന്ന് അവൾക്ക് ചോദിക്കണമെന്നുണ്ടായിരുന്നു. എന്നാൽ, വയലറ്റ് ലില്ലികളിൽ തട്ടിവന്ന കാറ്റ് അവളെ തടഞ്ഞു. അങ്ങനെ അനിയത്തി ചേച്ചിക്കൊരു സ്മാരകം പണിതു, പൂക്കളുടെ താഴ്‌വരയിൽ. അനശ്വരതയുടെ വാതിൽ മലർക്കെത്തുറന്ന് നിത്യവും പുഷ്പവൃഷ്ടിയേറ്റുവാങ്ങാൻ കഴിയുന്ന ഭാഗ്യത്തിനു മുന്നിൽ നമസ്കരിച്ച്, അനിയത്തി, മനസ്സില്ലാമനസ്സോടെ തിരിച്ചുപോയി. പോകുന്നതിനുമുമ്പ് ആ ശവകുടീരത്തിൽ അവൾ മാർഗരറ്റ് ലഗ്ഗിയുടെ സ്വപ്നം അടയാളപ്പെടുത്തി.

'സമൃദ്ധസഹായമൊഴുകിയെത്തുന്ന ആ അത്യുന്നത ശൃംഗങ്ങളിലേക്ക് ഞാൻ കണ്ണയക്കും!'

പൂക്കളുടെ താഴ്‌വരയിലെത്തിയ ഓരോരുത്തരും മാർഗരറ്റ് ലഗ്ഗിക്കുവേണ്ടി ഓരോ പൂവിറുത്തു. അപ്പോഴൊക്കെ കുഴിമാടത്തിനകത്തിരുന്നുകൊണ്ട് ലഗ്ഗി ആ പൂക്കളുടെ ശാസ്ത്രീയ നാമമുരുവിട്ടു. പിന്നീട് 2010-ൽ ആ താഴ്‌വരയിലെത്തിയ മറ്റൊരു സംഘം ഗവേഷകർ ഒരു പുതിയ ജാതി പൂച്ചെടി കണ്ടെത്തി. അവരതിന് ലഗ്ഗിയുടെ പേരുകൊടുത്തു.

ഇപ്പോൾ യാത്രികരെത്തുന്നത് അനേക സുമങ്ങളുടെ അപാരതയറിയാനും ഒപ്പം മാർഗരറ്റ് ലഗ്ഗിയോടൊപ്പം കാറ്റുകൊള്ളാനും...

ബയന്തൂർ താഴ്‌വരയെന്നായിരുന്നു ഈ വർണോദ്യാനത്തിൻെറ ആദ്യപേര്. ഋതുക്കളാറും തൊഴുത് വലംവെച്ചുപോകുന്ന ഈ താഴ്‌വരയുടെ നിറം ജൂണിൽ പിങ്കും തുടുപ്പും. ജൂലായിലത് മഞ്ഞയിലലിഞ്ഞുനിൽക്കും. ഓഗസ്റ്റിൽ മഞ്ഞയ്ക്ക് അതിരിടുന്ന പിങ്കും വെളുപ്പും. സെപ്റ്റംബർ അവസാനിക്കുമ്പോൾ അത് വിളറിയ ബ്രൗൺ. ഒക്ടോബറിൽ എല്ലാ പൂച്ചെടിയും മഞ്ഞിനുള്ളിലേക്ക് തിരിച്ചുപോകും. പിന്നെ വിത്തിനുള്ളിൽ നിതാന്തനിദ്ര. അടുത്ത ജൂണിൽ സൂര്യൻവന്ന് വിളിക്കുന്നതുവരെ നീളുന്ന നിദ്ര.

ഓക്കും പൈനും നിറഞ്ഞ കാടുകൾക്കിടയിൽ എത്രയോ പുൽത്തകിടികൾ. മഞ്ഞും മഴയും കൂടുവെച്ച പർവതമുടികൾ. നിറയെ പാദസരങ്ങളുമായി പുഷ്പവതിനദി. എല്ലാ വിരലുകളും ഒരിടത്തേക്ക് ചൂണ്ടിയ കാറ്റിൻെറ അലസഗമനം. എട്ടുകിലോമീറ്റർ നീളത്തിൽ 600 ജാതി പുഷ്പങ്ങളെ നെഞ്ചേറ്റിയ താഴ്‌വര. അതിൽ സ്വൈരവിഹാരികളായ 40 ജാതി പക്ഷികൾ, 13 തരം സസ്തനികൾ. പേരറിയാത്തതരം തുമ്പികൾ, ഷഡ്പദങ്ങൾ... ഇതൊക്കെയാണ് പാഠപുസ്തകത്തിലെ പൂക്കളുടെ താഴ്‌വര. ഇതിൽ 45 തരം ഔഷധസസ്യങ്ങളും കണക്കാക്കാൻ വയ്യാത്തത്ര വിഷസസ്യങ്ങളും പെടും. മഞ്ഞുപുലിയുടെയും ഹിമാലയൻ കരടിയുടെയും മുരൾച്ച, കസ്തൂരിമാനിൻെറയും വരയാടിൻെറയും വികൃതികൾ, പൂക്കളായി വേഷപ്രച്ഛന്നരായ പൂമ്പാറ്റകൾ... ഇതൊക്കെയും പൂക്കളുടെ താഴ്‌വരയുടേതാണ്. 1982-ലാണ് ദേശീയോദ്യാനമായി ഈ താഴ്‌വര പ്രഖ്യാപിക്കപ്പെടുന്നത്. 2004-ൽ യുനെസ്കോ ഇതിനെ ലോക പൈതൃക ഇടമായി ആദരിച്ചു.

'പൂവിൽനിന്ന് പൂവുണ്ടാവുന്നത് കണ്ടിട്ടുമില്ല കേട്ടിട്ടുമില്ല' എന്നെഴുതിയ കാളിദാസ മഹാകവേ, അങ്ങേയ്ക്ക് തെറ്റി. അങ്ങ് മേഘത്തെ കൈലാസത്തിലേക്ക് പറഞ്ഞയക്കേണ്ടിയിരുന്നത് പൂക്കളുടെ താഴ്‌വരവഴി വേണമായിരുന്നു.

ജൂലായ് അവസാനമോ ഓഗസ്റ്റ് ആദ്യമോ നിങ്ങളീ വാടികയിലെത്തുക. ലക്ഷക്കണക്കിന് പൂക്കൾ വിരിയിച്ച് വസന്തം നിങ്ങളെ സ്വീകരിക്കും.

വസന്തത്തിൻെറ ഈ വീട്ടിലെത്തുമ്പോൾ മഞ്ഞിനെയും മഴയെയുംകുറിച്ച് അന്വേഷിക്കുക; ഒപ്പം മഞ്ഞും മഴയും പുതച്ചുറങ്ങുന്ന മാർഗരറ്റ് ലഗ്ഗിയെയും.



മാർഗരറ്റ് ലഗ്ഗിയുടെ ശവകുടീ പൂക്കളുടെ താഴ്വ യിൽ

സ്മരണ

അന്വേഷണം